"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സ്റ്റോർസ് പർച്ചേസ് വകുപ്പ്- കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും ടെൻഡർ നടപടിക്രമങ്ങൾക്കു ഇളവ് നൽകി ഫയൽ ബോർഡുകൾ നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്

സ.ഉ.(അച്ചടി) നം.8/2023/SPD തീയതി,തിരുവനന്തപുരം, 26-07-2023

പരാമർശം:-
1. 07.06.2014 ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ)നം.34/2014/എസ്.പി.ഡി.
2. 13.12.2021 ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ് ചെയർമാന്റെ നം.കെ.ബി.1813/2010/HMP എന്ന നമ്പർ കത്ത്.

<u>ഉത്തരവ്</u>

1. പരാമർശ ഉത്തരവ് പ്രകാരം ഫയൽ ബോർഡുകളുടെ വില, ഒന്നിന് 19/- രൂപ നിരക്കിൽ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 ൽ ഇളവ് നൽകികൊണ്ട് ഖാദി ബോർഡ് യൂണിറ്റുകളിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ഫയൽ ബോർഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, തൊഴിലാളികളുടെ വേതന വർദ്ധനവ് എന്നിവ നിമിത്തം ഫയൽ ബോർഡുകളുടെ വില വർദ്ധിപ്പിച്ചുകൊണ്ട് ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ യൂണിറ്റുകളിൽ നിന്നും നേരിട്ട് ഫയൽ ബോർഡുകൾ വാങ്ങുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം ഖാദി ബോർഡ് വൈസ് ചെയർമാൻ അഭ്യർത്ഥിച്ചിരുന്നു.

3.സർക്കാർ ഈ വിഷയം പരിശോധിക്കുകയുണ്ടായി . കേരള ഖാദി ആൻഡ് വില്ലജ് ഇൻഡസ്ട്രീസ് ബോർഡ് (KVIB) ൽ നിന്ന് , സ്റ്റോർസ് പർച്ചെസ് മാന്വലിലെ ഖണ്ഡിക 9.23 ലെ വ്യവസ്ഥയിൽ ഇളവ് നൽകിക്കൊണ്ട്, സ്റ്റേഷനറി വകുപ്പിന് ആവശ്യമായ ആകെ ഫയൽ ബോർഡുകളുടെ 50% വരെയുള്ള എണ്ണം ( 50% of the Total requirement of File Board), സ്റ്റേഷനറി വകുപ്പ് നൽകുന്ന specification അനുസരിച്ച് ടെൻഡർ നടപടിക്രമങ്ങൾക്കു ഇളവ് നൽകി നിലവിൽ സൂചന 1 പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ( ഒന്നിന് 19 രൂപ ) ഈ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്കോ ഫയൽ ബോർഡിന്റെ വില പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന കാലയളവ് വരെയോ, ഏതാണോ ആദ്യം, ആ കാലയളവിലേക്ക് നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഫയൽ ബോർഡിന്റെ വില പുനർനിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD V R
ജോയിന്റ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം.
സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം.
സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ് (SPD-C2/136/2022-SPD പ്രകാരം).
സി.ഡിറ്റ്, ഗോർക്കി ഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം.
(ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
(ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ